(c) Goverement do not consider it necessary to detach the translation section from the Law Department or to appoint Assistant Malayalam Translators.

റൈസ്മില്ലുകൾ.

* 806. [28] ശ്രീ. എം. എ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇക്കൊല്ലം പുതിയതായി എത്ര റൈസ്മില്ലുകൾക്ക് അനുവാദം നൽകിയിട്ടുണ്ട് ;

(ബി) ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി പൗലോസ്) :

(എ) 1964-ൽ 5 മില്ലുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 474.

റിവർവാലി ബോർഡുകൾ.

* 807. [32] ശ്രീ. എം. എ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവധി കഴിഞ്ഞിട്ടും റിവർവാലി ബോർഡുകൾ പുനഃസംഘടിപ്പിക്കാത്തത് എന്തു കൊണ്ടാണ് ;

(ബി) ചാലക്കുടി റിവർവാലി ബോർഡ് പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) റിവർവാലി ബോർഡുകളുടെ പുനഃസംഘടന ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) അക്കാര്യവും പരിഗണനയിൽ ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

ഇറിഗേഷൻ വർക്കുകൾ.

102. [1] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വികസനത്തിനു വേണ്ടിയുള്ള ഇറിഗേഷൻ വർക്കുകൾക്ക് 1964-1965-ൽ അംഗീകാരം നൽകുന്നതിനും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമായി ശ്രീപാർശുകം കുന്നത്തൂർ പഞ്ചായത്തിൽ നിന്നും കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പ്രമേയരൂപേണ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രയെല്ലാം ഇറിഗേഷൻ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ;

(സി) എത്രയെല്ലാം ഇറിഗേഷൻ വർക്കുകൾക്ക് സാംഗ്ഷൻ നൽകിയിട്ടുണ്ട് ?

ഉത്തരം.

(എ) കുന്നത്തൂർ പഞ്ചായത്തിൽനിന്നും പ്രമേയരൂപേണ ശ്രീപാർശുകം ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly